# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
2.00 PM -4.00 PM

ക്ലാസ്സ് - XII

മാർക്ക് : 70

**I. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **1X10=10**

1. വിശ്വസിക്കാൻവേണ്ടി ഗ്രഹിക്കുക ഗ്രഹിക്കാൻവേണ്ടി വിശ്വസിക്കുക എന്നു പറഞ്ഞ വിശുദ്ധൻ ?
   (വി. ഫ്രാൻസിസ് അസീസി, വി. തോമസ്മൂർ, വി. അഗസ്തീനോസ്)
2. 2006-ൽ വിദ്യാഭ്യാസ രംഗത്ത് നടന്ന സ്വാശ്രയ സമരത്തിന് നേതൃത്വം നല്കിയ മെത്രാപ്പോലീത്താ ?
   (മാർ. ജെയിംസ് കാളാശ്ശേരി, മാർ ജോസഫ് പൗവ്വത്തിൽ, മാർ ജോസഫ് പെരുന്തോട്ടം)
3. വി. ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച ആദ്യത്തെ പരിസ്ഥിതി വിജ്ഞാനീയ ചാക്രിക ലേഖനം ?
   (വിശ്വാസഗീതങ്ങൾ, ലൗദാത്തോസി, ലൗദാത്തേ ദേവും)
4. വർത്തമാന പുസ്തകം എഴുതിയത് ..................................................
   (വി. തോമസ്മൂർ, പാറേമാക്കൽ തോമാ കത്തനാർ, നിധിരിക്കൽ മാണി കത്തനാർ)
5. ആംഗ്ലീക്കൽ സഭയിൽ നിന്ന് കത്തോലിക്കാസഭയിലെത്തി സഭയുടെ വേദപാരംഗതൻ ആയി ഉയർത്തപ്പെട്ട വ്യക്തി.
   (ഗ്രഹാം സ്റ്റെയിൻസ്, വി. കാർഡിനൽ ന്യൂമാൻ, കാർഡിനൽ ടിസറാങ്ങ്)
6. മനുഷ്യന്റെ ഏറ്റം ശ്രേഷ്ഠമായ ശക്തി യുക്തിയാണ്. യുക്തിയുടെ ഏറ്റം ഉന്നതമായ ലക്ഷ്യം ദൈവത്തെ അംഗീകരിക്കുക എന്നതാണ്. ആരുടെ വാക്കുകൾ ?
   (വി. ആൽബർട്ട്, വി. അന്തോനീസ്, വി. അഗസ്റ്റിൻ)
7. പ്രകൃതി ഒരിക്കലും അവളെ സ്നേഹിച്ചവന്റെ ഹൃദയം വേദനിപ്പിച്ചിട്ടില്ല. ആരുടെ വാക്കുകൾ ?
   (വില്യം വേർഡ്സ് വർത്ത്, വി. ഫ്രാൻസിസ് അസീസി, വി. ഫ്രാൻസിസ് സേവ്യർ)
8. മാധ്യമങ്ങളെ ദൈവത്തിന്റെ ദാനങ്ങളായും മനുഷ്യരെ സഹോദര്യത്തിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങളായും കാണണം ആരുടെ വാക്കുകൾ.
   (പോപ്പ് ബെനഡിക്ട് പതിനാറാമൻ, പോപ്പ് ഫ്രാൻസീസ്, പോപ്പ് ലിയോ പതിനാലാമൻ)
9. ജീവന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഒരുവനെ സഹായിക്കുന്ന ദൈവദാനമാണ് ..............................
   (അംഗീകാരം, സഹവർത്തിത്വം, സമ്പത്ത്)
10. നസ്രാണി ദീപിക ആരംഭിച്ചത് എവിടെ ?
    (തലശ്ശേരി, മാന്നാനം, കാക്കനാട്)

**II. ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക** **1X5=5**

11. 1847-ൽ പുറത്തിറങ്ങിയ മലയാളത്തിലെ ആദ്യ വാർത്താ പത്രിക ?
12. ഹൈക്കോർട്ട് ജഡ്ജിയായ ഭാരതത്തിലെ ആദ്യ ക്രിസ്ത്യൻ വനിത ?
13. ഞാൻ സീറോമലബാർ സഭയെ സ്നേഹിക്കുന്നു. കാരണം എനിക്ക് നിങ്ങളുടെ ചരിത്രം അറിയാം എന്ന് പറഞ്ഞ കർദ്ദിനാൾ ?
14. കേരളത്തിൽ ഒട്ടുമിക്ക പള്ളികളോടും ചേർന്ന് സ്കൂളുകൾ വരാൻ കാരണമായത് എങ്ങനെ ?
15. എന്താണ് പ്രശസ്തമായ ആലയത്രയം എന്നറിയപ്പെട്ടിരുന്നത് ?

*P.T.O*

**III. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

16. എന്താണ് കൗദാശിക ജീവിതംകൊണ്ട് അർത്ഥമാക്കുന്നത് ?
17. കേരളത്തിന്റെ നവോത്ഥാനത്തിൽ ക്രൈസ്തവ മിഷനറിമാർ നല്കിയ സംഭാവന എന്ത് ?
18. സത്യം അന്വേഷിച്ച് കണ്ടെത്തുവാനായി മനുഷ്യൻ സ്വീകരിച്ച 4 മാർഗ്ഗങ്ങൾ ഏവ ?

**IV. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X4=16**

19. നിർമ്മിത ബുദ്ധിയുടെ ഉപയോഗത്തിൽ കത്തോലിക്കാ സഭയുടെ ദർശനങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക.
20. മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരിൽ ഉണ്ടാക്കേണ്ട സാമൂഹ്യ പ്രതിബദ്ധതകൾ എന്തെല്ലാം ?
21. തങ്ങളുടെ ജീവിതം വഴി ഈശോയ്ക്ക് സാക്ഷ്യം വഹിക്കുകയും. ദൈവവിളി എന്തെന്ന് തിരിച്ചറിഞ്ഞ് അത് സ്വീകരിക്കുകയും ചെയ്ത ഏതെങ്കിലും ഒരു വിശുദ്ധൻ / വിശുദ്ധ. കുറിപ്പെഴുതുക.
22. ക്രിസ്തീയ കാഴ്ചപ്പാടിൽ സഹനം എന്നാൽ എന്താണ് ?

**V. വചനഭാഗം ആസ്പദമാക്കി ഉത്തരമെഴുതുക** **4X3=12**

23. 'നിങ്ങൾ ഭൂമി എന്നേക്കുമായി വില്ക്കരുത് എന്തെന്നാൽ ഭൂമി എന്റേതാണ്' (ലേവ്യ. 25 : 23). ഈ വാക്യത്തിലൂടെ വെളിപ്പെടുന്ന പരിസ്ഥിതി ദർശനം എന്ത് ?
24. 'നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും' (മത്താ. 6 : 21). മാധ്യമങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെടുത്തി ഈ വചനത്തിന്റെ അർത്ഥതലങ്ങൾ എന്തൊക്കെയെന്ന് കുറിക്കുക.
25. 'അത്യുന്നതന്റെ കല്പനകളനുസരിച്ച് വേണം ധനം നേടാൻ; അതു സ്വർണത്തേക്കാൾ ലാഭകരമാണ്' (പ്രഭാ. 29 : 11). ധനം സമ്പാദിക്കേണ്ടത് എങ്ങനെയെന്നാണ് വചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നത് ?

**VI. ഉത്തരമെഴുതുക** **5X2=10**

26. സുവിശേഷവത്കരണം എന്തെന്നു വിശദമാക്കി സഭയുടെ സുവിശേഷവത്കരണ പ്രവർത്തനങ്ങളിൽ നിങ്ങൾ എപ്രകാരം പങ്കാളിയാകും. വ്യക്തമാക്കുക.
27. പുതിയ തലമുറയുടെ പ്രതിനിധിയെന്ന നിലയിൽ സുവിശേഷ പ്രഘോഷണത്തിന് മാധ്യമങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താം. വ്യക്തമാക്കുക.

**VII. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **8X1=8**

28. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരളത്തിന്റെ നവോത്ഥാനത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളും അതുണ്ടാക്കിയ പരിവർത്തനങ്ങളും. വിശദമാക്കുക.
29. ജോൺ നല്ലൊരു കത്തോലിക്കാകുടുംബത്തിൽ ജനിച്ച കുട്ടിയായിരുന്നു. എന്നാൽ വളർന്നു വന്നപ്പോൾ ദൈവമില്ല എന്നൊരു ചിന്താഗതി അവനിൽ ഉടലെടുത്തു. ജോൺ ശാസ്ത്രത്തിന്റെ കണ്ടുപിടുത്തത്തിൽ അമിതമായി വിശ്വസിക്കുകയും ദൈവത്തെ നിഷേധിക്കുകയും ചെയ്യുന്നു. ദൈവവിശ്വാസവും ശാസ്ത്രവും പരസ്പര പൂരകങ്ങൾ ആണ് എന്നുള്ള സഭയുടെ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ ജോണിനെ നിങ്ങൾ എങ്ങനെ ദൈവ വിശ്വാസത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരും ? വ്യക്തമാക്കുക.